ഫെബ്രുവരി 20–26

പാഠം 9

# സേവിക്കാനും രക്ഷിക്കാനും

## ശബ്ബത്ത് സായാഹ്നം

ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശ. 41, 42:1–7; 44:26–45; 49:1–12

**മനഃപാഠവാക്യം: "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ: ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നു; അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും" (യെശ. 42:1).**

---

---

ക്രിസ്തുവിന്റെ ജീവിതത്തിലെ ഭൂമിയിലുള്ള രംഗങ്ങൾ സന്ദർശിക്കുന്നത് ഒരു വലിയ പദവി ആയിരിക്കുമെന്ന് അനേകർ കരുതുന്നു, അവൻ നടന്നിടത്തുകൂടി നടക്കുക, അവൻ പഠിപ്പിക്കാനാഗ്രഹിച്ചിരുന്ന തടാകക്കരയെ നോക്കുക, അവന്റെ കണ്ണുകൾ മിക്കപ്പോഴും വിശ്രമിച്ച കുന്നുകളും താഴ്‌വരകളും കാണുക. എന്നാൽ നാം ക്രിസ്തുവിന്റെ കാലടികളിൽ നടക്കുവാനായി നാം ബഥാന്യയിലോ, കഫർന്നഹൂമിലോ നസ്രേത്തിലോ പോകേണ്ടതില്ല. നാം അവന്റെ പാദമുദ്രകൾ രോഗക്കിടക്കയ്ക്കരികിലോ ദാരിദ്ര്യത്തിന്റെ ചെറ്റപ്പുരയിലോ, വലിയ നഗരത്തിന്റെ ആൾക്കൂട്ടമുള്ള ഇടവഴികളിലോ, ആശ്വാസത്തിന്റെ ആവശ്യമുള്ള മനുഷ്യഹൃദയങ്ങൾ ഉള്ള എല്ലായിടത്തും കണ്ടെത്താനാകും. യേശു ഭൂമിയിലായിരുന്നപ്പോൾ ചെയ്തതുപോലെ ചെയ്യുമ്പോൾ നാം അവന്റെ കാലടികളിൽ നടക്കും" – E.G. White, The Desire of Ages, p. 640.

സമാനമായ കരുണയുടെ ദൗത്യമുണ്ടായിരുന്ന ഒരു ദൈവദാസനെക്കുറിച്ച് യെശയ്യാവ് സംസാരിച്ചു: "ചതഞ്ഞ ഓട അവൻ ഒടിച്ചു കളകയില്ല; പുകയുന്ന തിരി കെടുത്തുകയുമില്ല... ബദ്ധന്മാരെ കുണ്ടറയിൽനിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽനിന്നും വിടുവിപ്പാനും" (യെശ. 42:3,7).

**നമുക്ക് ഈ ദാസനെ ഒന്ന് കാണാം. ആരാണ് അവൻ, അവൻ എന്ത് നേടിയെടുക്കുന്നു?**

---

---

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 27 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ദാസ രാഷ്ട്രം (യെശയ്യാവ് 41)

**യെശ. 41:8 ൽ "എന്റെ ദാസനായ യിസ്രായേലേ" എന്ന് ദൈവം സംസാരിക്കുന്നു; യെശ. 42:1 ൽ "എന്റെ ദാസൻ" എന്നും, ആരാണ് ഈ ദാസൻ?**

ഇത് യിസ്രായേല്യരുടെ പൂർവ്വികനായ യിസ്രായേൽ/യാക്കോബ് ആണോ? യിസ്രായേൽ രാജ്യങ്ങളാണോ? പുതിയ നിയമത്തിൽ യേശു എന്ത് പ്രതിപാദിക്കുന്ന മിശിഹ/ക്രിസ്തു ആണോ?

രണ്ട് തരത്തിലുള്ള ദൈവദാസന്മാരെക്കുറിച്ച് യെശയ്യാവ് പ്രതിപാദിക്കുന്നു. യെശ. 48:20; 45:4; 44:1,2,21; 41:8 എന്നിവയിൽ കാണുന്ന "യിസ്രായേൽ" അല്ലെങ്കിൽ "യാക്കോബ്" എന്ന് പേരിട്ടിരിക്കുന്ന ദാസൻ. ഇപ്പോൾ ദൈവം യിസ്രായേലേ/യാക്കോബേ എന്ന് സംബോധന ചെയ്യുന്നതുകൊണ്ട്, യാക്കോബ് അവനിൽനിന്നും ഉരുത്തിരിഞ്ഞ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നു എന്നത് ഉറപ്പാണ്. ഇത് ഉറപ്പാക്കുന്ന വസ്തുത എന്തെന്നാൽ ദൈവത്തിന്റെ ദാസനായ യാക്കോബിന് "വീണ്ടെടുപ്പ് കൈവരുന്നത് അവൻ ബാബിലോണിൽ നിന്നും പുറത്തു പോകേണ്ട സമയത്താണ് (യെശ. 48:20).

യെശ. 42:1; 50:10; 52:13; 53:11 പോലുള്ള സന്ദർഭങ്ങളിൽ ദൈവത്തിന്റെ ദാസന് പേര് നൽകുന്നില്ല. യെശ. 42:1 ൽ അവനെ ആദ്യമായി ചൂണ്ടിക്കാണിക്കുമ്പോൾ അവന്റെ വ്യക്തിത്വം ഉടനെ പ്രകടമല്ല. എന്നിരുന്നാലും, പിന്നീടുള്ള പാഠഭാഗങ്ങളിൽ യെശയ്യാവ് തന്റെ ചെറിയ ആത്മകഥ വികസിപ്പിക്കുന്നു, അതിൽ അവൻ യാക്കോബിന്റെ ഗോത്രങ്ങളെ (യിസ്രായേൽ) ദൈവത്തിനായി പുനഃസ്ഥാപിക്കുന്നവനായി കാണുന്നു (യെശ. 49:5,6). യാഗപരമായി പാപികൾക്കുവേണ്ടി മരിക്കയും ചെയ്യുന്നു (യെശ. 52:13; 53:12; 49:5,6 ഉം കാണുക). അതിനാൽ അവൻ രാജ്യം പോലെ ആകാനാകില്ല. ആയതിനാൽ, യെശയ്യാവ് സംസാരിക്കുന്നത് രണ്ട് ദൈവദാസന്മാരെക്കുറിച്ചാണെന്ന് വ്യക്തമാക്കുന്നു. ഒന്ന് സംഘടിതമായതും (രാജ്യം) അടുത്തത് വ്യക്തിയുമാകുന്നു.

**ദാസരാഷ്ട്രത്തിന്റെ പങ്ക് എന്താണ്? (യെശ. 41:8-20).**

രാജ്യം ഇപ്പോഴും ദൈവത്തിന്റെ ദാസനാണെന്ന് ദൈവം യിസ്രായേലിന് ഉറപ്പു നൽകുന്നു: "നീ എന്റെ ദാസൻ... തിരഞ്ഞെടുത്തിരിക്കുന്നു" (യെശ. 41:9). പിന്നീട് ദൈവം യിസ്രായേലിന് വേദപുസ്തകത്തിൽ കാണപ്പെടുന്ന ഏറ്റവും ഗംഭീരമായ വാഗ്ദത്തങ്ങളിൽ ഒന്ന് നല്കുന്നു: "നീ ഭയപ്പെടേണ്ട, വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും" (യെശ. 41:10). ഇവിടെയും തുടർന്നുള്ള വാക്യങ്ങളിലും യിസ്രായേലിന്റെ അടിസ്ഥാന പങ്കുകളിൽ ഒന്ന് അവരെ രക്ഷിക്കുന്നതിനായി മറ്റ് രാഷ്ട്രങ്ങൾ ചെയ്യുന്നതുപോലെ ദേവന്മാരിലും അവയുടെ രൂപങ്ങളിലും ആശ്രയിക്കുന്നതിന് പകരമായി (യെശ. 41:7; 21-24,28,29) സത്യ ദൈവത്തിൽ ആശ്രയിക്കുക എന്നതാണ് (ആഹാബ് രാജാവ് ചെയ്യാത്തതുപോലെ).

**യെശ. 41:14 ൽ ദൈവം രാഷ്ട്രത്തെ പുഴുവെന്ന് വിളിക്കുന്നത് എങ്ങനെ എന്ന് ശ്രദ്ധിക്കുക. അവൻ എന്ത് കാര്യമാണ് വ്യക്തമാക്കിയത്? ഇത് നമ്മെ എന്താണ് പഠിപ്പിക്കേണ്ടത്?**

## പേരിടാത്ത പ്രത്യേക ദാസൻ (യെശ. 42:1-7)

**ദൈവം തിരഞ്ഞെടുക്കുന്നതും, ആരുടെ മേലാണോ അവൻ തന്റെ ആത്മാവിനെ പകരുന്നതുമായ ദൈവത്തിന്റെ പേരിടാത്ത ദാസന്റെ പങ്കും സ്വഭാവവും എന്താണ്? (യെശ. 42:1-7).**

**ഏറ്റവും നല്ല ഉത്തരമോ ഉത്തരങ്ങളുടെ സംയോജനമോ തിരഞ്ഞെടുക്കുക:**

1. അവൻ രാജ്യങ്ങൾക്ക് നീതി നല്കുന്നു. 2. അവൻ അവന്റെ ലക്ഷ്യങ്ങൾ ശാന്തമായും നിശ്ശബ്ദമായും എന്നാൽ വിജയകരമായും നേടിയെടുക്കുന്നു. 3. അവൻ ഒരു ഗുരുവാണ്. 4. ദൈവത്തിനും ജനത്തിനും ഇടയിലുള്ള ഒരു ഉടമ്പടിയായി അവൻ സേവിക്കുന്നു. 5. തടവുകാരെ വിടുതൽ ചെയ്തും അന്ധതയെ സൗഖ്യമാക്കിയും അവൻ പ്രത്യാശയോ വെളിച്ചമോ നല്കുന്നു. 6. മുകളിലുള്ള സകലതും

എങ്ങനെയാണ് ഈ ദാസന്റെ പങ്കും സ്വഭാവവും ദൈവത്തിന്റെ ആത്മാവ് വസിക്കുന്നതുമായ "യിശ്ശായിയുടെ കുറ്റിയിൽ നിന്നുള്ള മുള"യുമായി താരതമ്യപ്പെടുന്നത്? (യെശയ്യാവ് 11)

യെശ. 42 ൽ എന്നപോലെ യെശ. 11 ലെയും ദാവീദ് വംശജനായ ഭരണാധികാരി ദൈവവുമായി ഐക്യപ്പെട്ട് പ്രവർത്തിക്കുന്നു. അവൻ ദൈവത്തിന്റെ ജ്ഞാനവും പരിജ്ഞാനവും അടിച്ചമർത്തപ്പെട്ടവർക്ക് വിടുതലും നീതിയും നൽകുന്നു. യിശ്ശായിയുടെ ഈ "മുള"യും "കുറ്റി"യും മിശിഹാ ആണെന്ന് നാം കണ്ടെത്തി. ഇതു നടപ്പിലാക്കുന്ന യെശ. 9:6,7 ലെ ദിവ്യ ശിശു, യെശ. 42-ലുള്ള ദാസനായ മിശിഹായാണ്.

**നീതി നടപ്പാക്കുന്ന (മത്തായി 12:15-21) യെശ. 42:1-7 ലെ ദാസനെ പുതിയ നിയമം എങ്ങനെയാണ് ഐക്യരൂപപ്പെടുത്തുന്നത്?**

മത്തായി 12 യെശയ്യാവ് 42 ൽ നിന്നും ഉദ്ധരിച്ച് യേശുവിന്റെ നിശ്ശബ്ദമായ സൗഖ്യദായക ശുശ്രൂഷയിലേക്ക് പ്രയോഗിക്കുന്നു, അവൻ പ്രസാദിച്ചിരിക്കുന്ന ദൈവത്തിന്റെ പ്രിയ പുത്രൻ (യെശ. 42:1; മത്തായി 3:16,17; 17:5) അവന്റെ ജനവുമായി ദൈവത്തിന്റെ ഉടമ്പടി ബന്ധം പുനഃസ്ഥാപിക്കുന്നത് അവനും അവന്റെ ശുശ്രൂഷയുമാണ് (യെശ. 42:6; ദാനീ. 9:27).

സാത്താന്റെ അടിച്ചമർത്തലിനാൽ ഉണ്ടാകുന്ന അടിമത്തം, ദൈവത്തെക്കുറിച്ചുള്ള അജ്ഞത, കഷ്ടപ്പാട് എന്നിവയിൽനിന്ന് വിടുവിച്ച് യേശുവും അവന്റെ ശിഷ്യന്മാരും ജനങ്ങൾക്കായി നീതി നേടിയെടുത്തു (ലൂക്കൊസ് 10:19). പിന്നീട് "പുതിയ ഉടമ്പടി"ക്ക് (മത്തായി 26:28) നിയമപ്രാബല്യം നല്കുന്നതിനായി യേശു മരിക്കയും "ഈ ലോകത്തിന്റെ പ്രഭു" (യോഹന്നാൻ 12:31-33) എന്ന സ്ഥാനം അപഹരിച്ച സാത്താനെ പുറന്തള്ളി ലോകത്തിന് നീതി നടപ്പാക്കി.

**യെശയ്യാവ് 42:1-4 നോക്കുക, ക്രിസ്തുവിന്റെ വർണ്ണന. യേശുവിന്റെ ജീവിതത്തെക്കുറിച്ച് കുറച്ച് നേരം ഗഹനമായി ചിന്തിക്കുക. അവന്റെ ശുശ്രൂഷയുടെ എന്ത് പ്രത്യേകമായ സവിശേഷതകളാണ് ഈ പ്രവചനം കൃത്യമായി നിറവേറ്റിയത്? നാം മറ്റുള്ളവർക്കു വേണ്ടിയും എങ്ങനെ ശുശ്രൂഷിക്കണം എന്നതിനെക്കുറിച്ചുള്ള എന്ത് പാഠങ്ങളാണ് നമുക്ക് പഠിക്കാൻ കഴിയുക?**

## പാർസ്യനായ മിശിഹാ (യെശ. 44:26–45:6)

**യെശ. 44:26; 45:6 ൽ എന്ത് ഞെട്ടിപ്പിക്കുന്ന പ്രവചനമാണ് കാണുന്നത്?**

യെശയ്യാവിന്റെ ശുശ്രൂഷ ഏകദേശം 745 ബി.സി. മുതൽ 685 ബി.സി. വരെ നീണ്ടു നിന്നു. വടക്കുനിന്നും കിഴക്കുനിന്നും വരുന്ന പടവെട്ടി ജയിക്കുന്ന ഒരുവനെ പ്രതിപാദിച്ച (യെശ. 41:2,3,25) ശേഷം ഇത് യെരൂശലേമിന് സുവാർത്തയാണെന്ന് സൂചിപ്പിക്കയും ചെയ്തു (യെശ. 41:27), പിന്നീട് യെശയ്യാവ് കോരെശിനെ പേരെടുത്ത് പ്രവചിക്കയും അവന്റെ പ്രവർത്തനങ്ങൾ വർണ്ണിക്കയും ചെയ്തു. അവൻ ഉറപ്പായും ബാബിലോണിന്റെ കിഴക്കും വടക്കും ഭാഗത്തുനിന്നാണ് വന്നത്, 539 ബി.സി.യിൽ അത് കീഴടക്കുകയും ചെയ്തു, ബാബിലോണിയ നാടുകടത്തലിൽ നിന്നും യെഹൂദന്മാരെ സ്വതന്ത്രരാക്കി അവൻ ദൈവത്തെ ആരാധിക്കയും ചെയ്തു; പിന്നീട് യെരൂശലേം ദൈവാലയം പുതുക്കിപ്പണിയാൻ അധികാരം നൽകുകയും ചെയ്തു (എസ്രാ 1 കാണുക).

ഈ പ്രവചനം ഒന്ന് കണക്കിലെടുക്കൂ. യെശയ്യാവിന്റെ മരണം മുതൽ യെരൂശലേമിന്റെ വീഴ്ച വരെ ഏകദേശം 146 വർഷങ്ങൾ ഉള്ളതുകൊണ്ട്, അവന്റെ പ്രവചനം ആ സമയത്തുനിന്ന് 150 വർഷങ്ങളോളം മുമ്പിലോട്ടാണ്. ഇത് മിക്കവാറും ജനറൽ ഡ്വയ്റ്റ് ഐസൻ ഹോവർ എന്ന് പേരുള്ള ഒരാൾ 1945 ൽ യൂറോപ്പിനെ സ്വതന്ത്രമാക്കാൻ സഹായിക്കും എന്ന് ജോർജ് വാഷിംഗ്ടൺ പ്രവചിക്കുന്നതുപോലെയാണ്.

കോരെശിന്റെ പ്രവർത്തനങ്ങൾ വിവിധ പുരാതന ശ്രോതസ്സുകളിൽ നന്നായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുകൊണ്ട്, യെശയ്യാവിന്റെ പ്രവചനത്തിന്റെ കൃത്യത തർക്കങ്ങൾക്ക് അതീതമാണ്. ഈ സ്രോതസ്സുകളിൽ വേദപുസ്തകം (2 ദിന. 36:22,23; എസ്രാ. 1; ദാനീ. 5; 6:28; 10:1), “സൈറസ് സിലിണ്ടർ” എന്ന പുസ്തകത്തിലെ സ്വന്തം റിപ്പോർട്ട്, ബാബിലോണിയ പുരാവൃത്തങ്ങൾ എന്നിവ ഉൾപ്പെടുന്നു. വളരെ മുൻകൂട്ടി തന്നെ ഭാവി അറിയാവുന്ന ദൈവത്തിൽ നിന്നുള്ള കൃത്യമായ പ്രവചനങ്ങൾ സത്യ പ്രവാചകന്മാർക്കു ലഭിക്കുന്നു എന്ന് വിശ്വസിക്കുന്ന ജനങ്ങളുടെ വിശ്വാസത്തെ ഇത് ഉറപ്പിക്കുന്നു.

**എന്തുകൊണ്ടാണ് ദൈവം കോരെശിനെ “അവന്റെ അഭിഷിക്തൻ” എന്ന് വിളിക്കുന്നത്? യെശ. 45:1.**

ഇവിടെ “അഭിഷിക്തൻ” എന്നതിന് ഉപയോഗിക്കുന്ന എബ്രായ പദത്തിൽനിന്നാണ് നമുക്ക് മിശിഹ എന്ന പദം ലഭിക്കുന്നത്. പഴയനിയമത്തിൽ മറ്റെവിടെയോ, ഈ വാക്ക് അഭിഷിക്തനായ മഹാപുരോഹിതനെ സൂചിപ്പിക്കാവുന്നതാണ് (ലേവ്യ. 4:3,5,16; 6:22). അഭിഷിക്തനായൊരു യിസ്രായേല്യ രാജാവ് (1 ശമൂ. 16:6; 24:6,10; 2 ശമൂ. 22:51), അല്ലെങ്കിൽ മിശിഹാ, ഭാവിയിലുള്ള ഒരു ഉത്തമ ദാവീദ് വംശജനായ രാജാവും വീണ്ടെടുപ്പുകാരനും (സങ്കീ. 2:2; ദാനീ. 9:25,26). യെശയ്യാവിന്റെ കാഴ്ചപ്പാടിൽ കോരെശ് ഒരു ഭാവി രാജാവായിരുന്നു, അവന്റെ ജനങ്ങളെ വിടുവിക്കാൻ ദൈവത്താൽ അയക്കപ്പെട്ടവൻ. എന്നാൽ അവൻ ഒരു അസാധാരണ മിശിഹാ ആയിരുന്നു. കാരണം അവൻ ഒരു യിസ്രായേല്യൻ ആയിരുന്നില്ല.

## മുൻകൂർ പ്രത്യാശ

യെശയ്യാവ് കോരെശിനെ പേരെടുത്ത് പ്രവചിച്ചു എന്ന വസ്തുത പ്രവാചകന്മാർക്ക് ദൈവത്തിൽനിന്നും പ്രവചനങ്ങൾ എന്ന് വിശ്വസിക്കാത്ത ജനങ്ങളെ അലട്ടുന്നു. ഇതിനെ തരണം ചെയ്യുന്നതിന്, കോരെശിന്റെ കാലത്ത് ജീവിച്ചിരുന്ന മറ്റൊരു പ്രവാചകൻ, ഒരു "രണ്ടാം യെശയ്യാവ്" ആണ്. യെശയ്യാവ് 40-66 വരെ എഴുതിയത് എന്ന സിദ്ധാന്തം അവർ അംഗീകരിക്കുന്നു. അപ്രകാരം യെശയ്യാവിന്റെ പുസ്തകം "രണ്ടായി അറുക്കപ്പെട്ടിരിക്കുന്നു," ആ പ്രവാചകന് തന്നെ സംഭവിച്ചു എന്ന് കരുതപ്പെടുന്ന അതേ വിധി (എബ്രാ. 11:37).

എന്നിരുന്നാലും, ഒരു "രണ്ടാം യെശയ്യാവ്" നിലനിന്നിരുന്നു എന്നതിന് യാതൊരുവിധ ചരിത്രപരമായ സാക്ഷികളുമില്ല. അവൻ നിലനിന്നിരുന്നുവെങ്കിൽ, വേദപുസ്തകം അവനെ പ്രതിപാദിക്കാതിരുന്നത് വിചിത്രമായിരിക്കും, കാരണം അവന്റെ ദൂത് അത്യധികം പ്രധാനവും അവന്റെ സാഹിത്യപരമായ കല അത്ഭുതകരവുമായിരുന്നു. വേദപുസ്തകത്തിലെ ഏറ്റവും പഴക്കം ചെന്ന കൈയെഴുത്തു പ്രതിയിൽപോലും, ഖുമ്റാനിൽനിന്നുള്ള യെശയ്യാ ചുരുളുകൾ, ഒരു പുതിയ എഴുത്തുകാരന്റെ മാറ്റത്തിലേക്ക് സൂചന നൽകുന്ന ഒരു നിർത്തലും 39 ഉം 40 ഉം അദ്ധ്യായങ്ങൾക്ക് ഇടയിൽ കാണാനില്ല.

പുസ്തകത്തിലുടനീളം യെശയ്യാവിന്റെ അടിസ്ഥാന ദൂത് മാറ്റമില്ലാത്തതാണ്: മറ്റ് ശക്തികൾക്കു പകരം, അവന്റെ മിശിഹാ ആയ വീണ്ടെടുപ്പുകാരനുൾപ്പെടെ സത്യ ദൈവത്തിൽ ആശ്രയിക്ക. യെശയ്യാവ് 1-39 ൽ ഉള്ള അശ്ശൂരു കാലഘട്ടത്തിൽ നിന്ന് യെശയ്യാവ് 40 ലും തുടർന്നും ഉള്ള ബാബിലോണിയ കാലത്തിലേക്കുള്ള ശ്രദ്ധാകേന്ദ്രത്തിന്റെ മാറ്റം പണ്ഡിതന്മാർ ശരിയായി ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നാൽ യെശയ്യാവ് 13,14,39 എന്നിവ നേരത്തെ തന്നെ ഒരു ബാബിലോണ്യ അടിമത്തത്തെ അനുമാനിച്ചിരുന്നു എന്ന് കാണാം. യെശയ്യാവ് 1 മുതൽ 39 വരെ ന്യായവിധിയെ ഊന്നിപ്പറയുന്നു എന്നും 40 മുതൽ 66 വരെ ആശ്വാസത്തെ ഊന്നിപ്പറയുന്നു എന്നതും സത്യമാണ്. എന്നാൽ മുൻ അദ്ധ്യായങ്ങളിൽ, ദിവ്യ ആശ്വാസവും ഉറപ്പും ധാരാളമായുണ്ട് എന്നതും പിന്നീടുള്ള യെശ. 42:18-25; 43:22-28; 48:1-11 പോലുള്ളവ, അവനെ മറന്നതിന് യെഹൂദയുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചും സംസാരിക്കുന്നു. വാസ്തവത്തിൽ, ഭാവി ആശ്വാസത്തെക്കുറിച്ചുള്ള യെശയ്യാവിന്റെ പ്രവചനങ്ങൾ സൂചിപ്പിക്കുന്നത് ഇടക്കാലത്തുള്ള കഷ്ടപ്പാടിനെയാണ്.

മനുഷ്യരുടെ പാപം മൂലം രാജ്യം ഭയാനകമായ അനർത്ഥം നേരിട്ടുവെങ്കിലും, അവരിൽ ചിലർ പ്രത്യാശ കൈവെടിഞ്ഞില്ല. ലേവ്യ 26:40-45 ൽ കാണപ്പെടുന്നതുപോലുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ അവർ മുറുകെപ്പിടിച്ചു. ബാബിലോണിലാലുള്ള രാജ്യത്തിന്റെ പരാജയത്തിനുശേഷം ജീവനോടെ ഉണ്ടായിരുന്ന എബ്രായരുടെ സ്ഥാനത്ത് നിങ്ങളെത്തന്നെ വയ്ക്കുക. ഈ വാക്കുകളിൽ എന്ത് പ്രത്യാശയാണ് നിങ്ങൾക്ക് കണ്ടെത്താനാകുക?

**ലേവ്യ. 26:40-45 ലൂടെ ഒരിക്കൽ കൂടി വായിക്കുക. ആ വാക്യങ്ങളിൽ എന്ത് ആത്മീയ തത്വമാണ് പ്രവർത്തനത്തിലായിരിക്കുന്നത്? അവിടെ യിസ്രായേലിനോട് ദൈവം എന്താണ് പറയുന്നത്? അതേ തത്വം നമ്മുടെ ജീവിതങ്ങളിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നത്?**

## അനുകമ്പയും ക്ലേശവുമുള്ള ഒരു ദാസൻ (യെശ. 49:1–12)

**യെശ. 49:1–12 ൽ ആരാണ് ദൈവത്തിന്റെ ദാസൻ?**

അവൻ ജനിക്കുന്നതിനു മുമ്പു തന്നെ ദൈവം അവനെ വിളിച്ച് പേര് നൽകുന്നു. അവന്റെ വായെ ഒരു വാളുപോലെ ആകുന്നു. യിസ്രായേൽ രാഷ്ട്രത്തെ തിരികെ അവനിലേക്ക് കൊണ്ടുവരുവാൻ ദൈവം ആ ദാസനെ ഉപയോഗിക്കുന്നു. ലോകത്തിന് ഒന്നാകെ ഒരു രക്ഷാവെളിച്ചമായി തീരുന്നതിന്, ഒരു ഉടമ്പടി ആയിരിക്കുവാൻ, തടവുകാരെ മോചിപ്പിക്കാനും. ഈ വിവരണത്തിനും യെശ. 42 നു ഇടയിൽ ധാരാളം കവിഞ്ഞു കിടപ്പുണ്ട്, അവിടെ നാം ആ ദാസനെ മിശിഹായായി തിരിച്ചറിഞ്ഞു.

**ഈ ദാസൻ മിശിഹാ ആണെങ്കിൽ, എന്തുകൊണ്ടാണ് ഇവിടെ ദൈവം അവനെ “യിസ്രായേൽ” എന്ന് വിളിക്കുന്നത്? (യെശ. 49:3).**

യെശയ്യായുടെ ഈ ഭാഗത്ത്, ദൈവത്തിന്റെ ദാസനായ “ഇസ്രായേൽ” അല്ലെങ്കിൽ “യാക്കോബ്” രാഷ്ട്രത്തെ സൂചിപ്പിക്കുന്നു എന്ന് നാം നേരത്തെ കണ്ടെത്തി. എന്നാൽ ഇവിടെ യിസ്രായേൽ എന്ന പേര് (യാക്കോബിനോട് ഒരു സമാന്തര പരാമർശം ഇല്ലാതെ) വ്യക്തമായും ദൈവത്തിനായി ആ രാജ്യംപുനഃസ്ഥാപിക്കുന്ന (യെശ. 49:5) ഏക ദാസന് ബാധകമാണ്.

**എന്ത് പുതിയ ഘടകമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്? (യെശ. 49:4,7)**

ദാസന്റെ ദൗത്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന ബുദ്ധിമുട്ടിന്റെ ആദ്യ അറിയിപ്പാണ് ഇവിടെ. അവൻ വിലപിക്കുന്നു, “ഞാനോ, ഞാൻ വെറുതെ അദ്ധ്വാനിച്ചു; എന്റെ ശക്തിയെ വ്യർത്ഥമായും നിഷ്ഫലമായും ചെലവഴിച്ചിരിക്കുന്നു” (യെശ. 49:4), ദാനീ. 9:26 ൽ പ്രതിധ്വനിക്കുന്ന ഒരു ആശയം “അഭിഷക്തൻ ഛേദിക്കപ്പെടും; അവന് ആരും ഇല്ലെന്നും വരും” എന്നാൽ അവൻ വിശ്വാസത്തിൽ മുറുകെ പിടിക്കുന്നു: “എങ്കിലും എന്റെ ന്യായം ദൈവത്തിന്റെ പക്കലും ഇരിക്കുന്നു” (യെശ. 49:4). “അങ്ങനെ, യഥാർത്ഥ മനുഷ്യപ്രകൃതമുള്ള ഒരു ദാസനെ യെശയ്യാവ് മുൻകൂട്ടി കാണുന്നു, നാം പരീക്ഷിക്കപ്പെടുന്നതുപോലെ പരീക്ഷിക്കപ്പെടുകയും, വിശ്വാസ മാർഗ്ഗത്തിന്റെ സ്രഷ്ടാവും പൂർത്തി വരുത്തുന്നവനുമായി അവനെത്തന്നെ തെളിയിക്കുകയും ചെയ്തു, ഒരു യഥാർത്ഥ വിശ്വാസം, മറ്റൊന്നും തന്നെ യോഗ്യമല്ലെന്ന് തോന്നുമ്പോഴും എന്റെ ദൈവമേ എന്ന് പറയാവുന്ന വ്യക്തിപരമായ ഒരു വിശ്വാസം ” – The Prophecy of Isaiah: An Introduction and Commentary (Downers Grove, III: Inter Varsity Press, 1993 p. 387).

യെശ. 49:7 ഞെട്ടിക്കുന്നതാണ്, ദാസൻ, “സർവ്വനിന്ദിതനും ജാതിക്കു വെറുപ്പുള്ളവനും അധിപതികളുടെ ദാസനുമാണ്,” എന്നാൽ ദൈവം അവനോട് പറയുന്നു, വിശ്വസ്തനായ യഹോവ നിമിത്തവും നിന്നെ തിരഞ്ഞെടുത്ത യിസ്രായേലിൻ പരിശുദ്ധൻ നിമിത്തവും രാജാക്കന്മാർ കണ്ട് എഴുന്നേല്ക്കയും പ്രഭുക്കന്മാർ കണ്ട് നമസ്കരിക്കുകയും ചെയ്യും.”

ക്രിസ്തുവിന്റെ ശുശ്രൂഷയിലേക്ക് ഒന്നു തിരിഞ്ഞു നോക്കുക. ബാഹ്യമായ കാഴ്ചകൾ ഉണ്ടായിട്ടുകൂടി അവൻ വിശ്വസ്തനായി നിലകൊണ്ടു. ബാഹ്യമായ കാഴ്ചകൾ ഉണ്ടായാലും നാം എങ്ങനെയാണ് അതുപോലെ ചെയ്യേണ്ടത്?

## കൂടുതൽ പഠനം:

ഇ.ജി. വൈറ്റിന്റെ "യുഗങ്ങളുടെ പ്രത്യാശ"യിൽ "കഫർന്ന ഹൂമിൽ" എന്ന ഭാഗത്ത് യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയെക്കുറിച്ചും പഠിപ്പിക്കൽ ശുശ്രൂഷ യെക്കുറിച്ചും അവർ നൽകുന്ന വർണ്ണന വായിക്കുക. pp. 232-242.

"ആത്മനേട്ടത്തിന്റെ വേലയിൽ വലിയ പരിജ്ഞാനവും നയവും ആവശ്യമാണ്. രക്ഷകൻ ഒരിക്കലും സത്യം അടിച്ചമർത്തിയില്ല, പിന്നെയോ അവനത് സ്നേഹ ത്തിൽ ഉരുവിട്ടു, മറ്റുള്ളവരുമായുള്ള ഇടപെടലുകളിൽ അവൻ ഏറ്റവും വലിയ നയം നടപ്പിലാക്കി, അവൻ എപ്പോഴും ദയയും കരുതലും ഉള്ളവനായിരുന്നു. അവൻ ഒരി ക്കലും പരുക്കനായിരുന്നില്ല, ആവശ്യമില്ലാതെ ഒരു കർക്കശവാക്കുപോലും പറ ഞ്ഞില്ല, പെട്ടെന്ന് വികാരതരളിതമാകുന്ന ഒരു ആത്മാവിന് ഒരിക്കലും അനാവശ്യ മായ വേദന നല്കിയില്ല. അവൻ മനുഷ്യ ബലഹീനതയെ നിന്ദിച്ചില്ല. അവൻ ഭയ ലേശമെന്യ കപടഭക്തിയെയും അനീതയയും അപലപിച്ചു. എന്നാൽ അതികഠിന മായ ശാസനകൾ അവൻ ഉരുവിട്ടപ്പോഴും കണ്ണുനീർ അവന്റെ ശബ്ദത്തിലുണ്ടായി രുന്നു. അവൻ ഒരിക്കലും സത്യത്തെ ക്രൂരമാക്കിയില്ല, പിന്നെയോ എപ്പോഴും മാന വികതയ്ക്കായി ആഴത്തിലുള്ള ആർദ്രത വെളിവാക്കി. അവന്റെ ദൃഷ്ടിയിൽ എല്ലാ ആത്മാവും വിലപ്പെട്ടതായിരുന്നു. അവൻ ദിവ്യമായ അന്തസ്സ് സ്വയം ധരിച്ചു, എന്നി ട്ടുകൂടി ദൈവത്തിന്റെ കുടുംബത്തിലെ ഓരോ വ്യക്തിയെയും, ആർദ്രതയുള്ള അനു കമ്പയാലും ആദരവിനാലും വണങ്ങി. അവൻ സകലരിലും കണ്ടത്, രക്ഷിക്കുവാൻ അവന് ദൗത്യമുള്ള ആത്മാക്കളെയാണ്." – E.G.W., Gospel Workers, p. 117.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1 **ക്രിസ്തു എങ്ങനെയാണ് മറ്റുള്ളവരോട് ശുശ്രൂഷിച്ചത് എന്നതിനെക്കുറിച്ച് മുകളിൽ എലൻ വൈറ്റ് എഴുതിയിരിക്കുന്നത് ഒരു ക്ലാസ്സെന്ന നിലയിൽ വായിക്കുക. അവിടെ യുള്ള തത്വങ്ങൾ ചർച്ച ചെയ്യുക, പിന്നീട് ഒരു ക്ലാസെന്ന നിലയിൽ നിങ്ങളുടെ സഭ സംഘടിതമായി ആ തത്വങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്ന് ചർച്ച ചെയ്യുക.**

2 **നിങ്ങൾക്ക് "ഒരു ചതഞ്ഞ ഓടയോ" "പുക വമിക്കുന്ന തിരിയോ" അറിയുമോ (യെശ. 42:3)? ഈ വ്യക്തിയെ "തകർക്കുകയോ" "ശമിപ്പിക്കുകയോ", ചെയ്യാതെ നിങ്ങൾക്ക് എങ്ങനെ അവനെയോ അവളെയോ സഹായിക്കാനാകും? എന്ത് രീതികളി ലാണ് നിങ്ങൾക്ക് അപ്രകാരമുള്ള ആളുകളെ ക്രിസ്തുവിലോക്ക് ചൂണ്ടിക്കാണിക്കാ നാകുക? ഒരു പ്രായോഗിക അർത്ഥത്തിൽ, സൗഖ്യവും സഹായവും ലഭിക്കുന്നതി നായി അവർ എന്ത് ചെയ്യണമെന്നാകും നിങ്ങൾ പറയുക?**

3. **യെശയ്യാവിന് വ്യത്യസ്ത ലേഖകർ ഉണ്ടെന്ന വാദം ഉത്ഭവിച്ചത് യെശയ്യാവ് ചെയ്ത തുപോലെ ജനങ്ങൾക്ക് പ്രവചിക്കാനാകില്ല എന്ന ആദ്യ പ്രസ്താവനയിൽ നിന്നാണ്. ഈ വാദത്തിന്റെ അടിസ്ഥാനപരമായ പ്രശ്നം എന്താണ്, ക്രിസ്ത്യാനികളെന്ന നില യിൽ, നാം എന്തുകൊണ്ട്, ആ പ്രസ്താവനയെ പാടെ തള്ളിക്കളയണം?**

**സംഗ്രഹം: മോചനത്തിന് ഒരു മോചകൻ ആവശ്യമാണ്. ദൈവത്തിന്റെ ദാസ രാഷ്ട്രം മോചിക്കപ്പെടുന്നത് രണ്ട് മോചകരാലാണ്. ബാബിലോണ്യ നാടുകടത്ത ലിൽ നിന്ന് അടിമകളെ സ്വതന്ത്രമാക്കുന്ന കോരെശും, പിന്നെ പേരു പറയപ്പെടാത്ത ഒരു ദാസനും, അവന്റെ വ്യക്തിത്വം ക്രമേണ മിശിഹാ എന്ന് വെളിവാക്കപ്പെടുന്നു. ഈ ദാസൻ സമാധാനം പുനഃസ്ഥാപിക്കുകയും ആപത്തിൽനിന്നും ജീവനോടെ രക്ഷ പ്പെട്ട സമൂഹത്തെ തിരികെ ദൈവത്തിലേക്ക് കൊണ്ടുവരികയും ചെയ്യും.**